പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *71 30-10-2019-ലെ മറുപടി

പുതിയ ഡാമുകളുടെ നിർമ്മാണം

ചോദ്യം

ശ്രീ.പി.കെ.അബ്ദു റബ്ബ്
ശ്രീ.കെ.എൻ.എ ഖാദർ
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്

മറുപടി

കെ.കൃഷ്ണൻകുട്ടി
ജലവിഭവ വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| എ) | പ്രളയവേളകളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനായി പുതിയ ഡാമുകൾ നിർമ്മിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | എ) | ഉണ്ട്. മണിമല, പെരിയാർ,ചാലിയാർ, ചാലക്കുടി, മീനച്ചിൽ, പമ്പാ അച്ചൻകോവിൽ, അട്ടപ്പാടി വാലി ജലസേചന പദ്ധതി, കടമാൻതോട് പദ്ധതി തുടങ്ങിയ വെള്ളപ്പൊക്ക നിയന്ത്രണ അണക്കെട്ടുകൾ നിർമ്മിക്കാൻ ആലോചിക്കുന്നുണ്ട്. |
| ബി) | എങ്കിൽ ഇതിന് ആവശ്യമായ പഠനങ്ങൾ നടന്നിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ചാലക്കുടിപ്പുഴയിൽ ഇതു സംബന്ധിച്ച സാധ്യതാപഠനം നടത്തിയിട്ടുണ്ട്. അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ വിശദപദ്ധതി രേഖ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ സാധ്യതാപഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ട്. |
| സി) | സംസ്ഥാനത്ത് പുതിയ ഡാമുകൾ നിർമ്മിക്കുവാൻ കേന്ദ്ര ജല കമ്മീഷന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; ഇതിനായി കേന്ദ്രം ഫണ്ട് ലഭ്യമാക്കുമോ; വിശദീകരിക്കുമോ? | സി) | അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ അനുമതിയ്ക്കായി കേന്ദ്ര ജല കമ്മീഷനെ സമീപിക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്. മറ്റു പദ്ധതികളുടെ വിശദ പദ്ധതി രേഖ തയ്യാറാക്കുന്ന മുറയ്ക്ക് കേന്ദ്ര ജലകമ്മീഷന്റെ അനുമതിയ്ക്ക് ശ്രമിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ